**കേരള സർക്കാർ**

സംഗ്രഹം

ജലവിഭവ വകുപ്പ് - ജീവനക്കാര്യം - ജലസേചനവകുപ്പിലെ എസ്.എൽ.ആർ ജീവനക്കാരുടെ (സ്കിൽഡ് - അൺസ്കിൽഡ് ) ശമ്പളം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (എ) വകുപ്പ്

സ.ഉ.(കൈ) നം.67/2018/ജ.വി.വ തീയതി, തിരുവനന്തപുരം, 17/12/2018

---

പരാമർശം :- 1. 27/10/2012 ലെ ജി.ഒ.(എം.എസ്) നം.80/12/ പിഡബ്ല്യൂഡി നമ്പർ സർക്കാർ ഉത്തരവ്

2. 20/01/2016 ലെ സ.ഉ.(പി) നം.07/2016/ധന നമ്പർ സർക്കാർ ഉത്തരവ്

3. ചീഫ് എഞ്ചിനീയർ (ഐ&എ) യുടെ 07/10/2016 ലെ സി.1-6737 /2016, 01/11/2018 ലെ സി1/26823/2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ലെ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ജലസേചനവകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പളം 01/07/2014 മുതൽ മുൻകാലപ്രാബല്യത്തോടെ പുതുക്കി നിശ്ചയിക്കുന്നതിലേക്കായുള്ള ശുപാർശ പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയർ (ഐ&എ) ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ചീഫ് എഞ്ചിനീയർ (ഐ&എ) സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ജലസേചനവകുപ്പിൽ 01/07/2014 മുതൽ നിലവിൽ ജോലി ചെയ്തുവരുന്ന 944 എസ്.എൽ.ആർ ജീവനക്കാരുടെ (സ്കിൽഡ് - അൺസ്കിൽഡ്) ശമ്പളം, പരാമർശം (2) ലെ പത്താം ശമ്പളപരിഷ്കരണ ഉത്തരവിലെ അനക്സ് I പ്രകാരമുള്ള ഏറ്റവും കുറഞ്ഞ ശമ്പളസ്കെയിലായ 16500 – 35700 രൂപ 01/07/2014 പ്രാബല്യത്തിലും ഏറ്റവും കുറഞ്ഞ വീട്ടുവാടക ബത്ത 1000/- രൂപ 1/2/2016 പ്രാബല്യത്തിലും മറ്റ് അലവൻസുകൾ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിലും താഴെ പറയും പ്രകാരമുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു. സ്റ്റാഫ് ഇൻഡക്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| നിലവിലുള്ള ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|
| 8270-230-9190-250-9940-270-11020-300-12220 | 16500-500-20000-550-22200-600-25200-650-27800-700-29960-800-33900-900-35700 |

**വ്യവസ്ഥകൾ:-**

1) 20/01/2016 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(പി) 07/2016/ധനയുടെ അനുബന്ധം II ലെ 1 മുതൽ 8 വരെയുള്ള ചട്ടങ്ങൾ പ്രകാരം ശമ്പളം നിർണ്ണയിക്കേണ്ടതാണ്.
2) ശമ്പള പരിഷ്കരണത്തിന് 01/07/2014 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.
3) സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന നിരക്കിൽ എസ്.എൽ.ആർ. ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.
4) 01/02/2016 തീയതി മുതൽ 1000/- രൂപ നിരക്കിൽ പുതുക്കിയ വീട്ടുവാടക ബത്ത അനുവദിക്കാവുന്നതാണ്.
5) എസ്.എൽ.ആർ.ജീവനക്കാർ ജനറൽ പ്രോവിഡന്റ് ഫണ്ടിന്റെ പരിധിയിൽ വരാത്തതിനാൽ കുടിശ്ശിക പണമായി നൽകേണ്ടതാണ്.
6) എസ്.എൽ.ആർ.ജീവനക്കാർ 20/01/2016 ലെ സ.ഉ.(പി) 07/16/ധന പ്രകാരമുള്ള ഗ്രേഡ് പ്രൊമോഷനുകൾക്ക് അർഹരല്ല.
7) എസ്.എൽ.ആർ.ജീവനക്കാർ റഗുലർ ജീവനക്കാരല്ലാത്തതിനാൽ കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള ലീവ് റൂളുകൾ ഈ ജീവനക്കാർക്ക് ബാധകമല്ല. അതുകൊണ്ട് തന്നെ Half Pay Leave/Earned Leave/Surrender of earned Leave/Commuted Leave എന്നിവയൊന്നും അർഹരല്ല.
8) 20/01/2016 തീയതിയിലെ സ.ഉ.(പി) നം.07/2016/ധനയിൽ വരുന്ന ഭേദഗതികൾ സർക്കാർ അനുമതിയ്ക്ക് വിധേയമായി മാത്രം നടപ്പാക്കേണ്ടതാണ്.
9) ഭാവിയിൽ എസ്.എൽ.ആർ. വർക്കേഴ്സമാരായുള്ള നിയമനങ്ങളെല്ലാം (തസ്തികമാറ്റം ഉൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായിരിക്കണം.
10) ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തുമ്പോൾ മേൽ വ്യവസ്ഥകളുടെ ലംഘനം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.
11) സ്കിൽഡ് വർക്കേഴ്സ് ആയ എസ്.എൽ.ആർ ജീവനക്കാർക്ക് 500/- രൂപ സ്കിൽഡ് അലവൻസ് ആയി അനുവദിക്കാവുന്നതാണ്.
12) എസ്.എൽ.ആർ.ജീവനക്കാർക്ക് ചുവടെ വിവരിച്ചിട്ടുള്ള അലവൻസുകൾ മാത്രം ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണ്.

## അലവൻസുകൾ

| ക്രമ നം. | അലവൻസ് | തുക |
|---|---|---|
| 1 | ചപ്പൽ അലവൻസ് | 200/- |
| 2 | കണ്ണട അലവൻസ് | 1,000/-(10 വർഷത്തിൽ ഒരിക്കൽ) |
| 3 | മെഡിക്കൽ റീഇംപേഴ്സ്മെന്റ് | സർക്കാർ ജീവനക്കാരുടെ നിരക്കിൽ |
| 4 | യാത്രാബത്ത | ക്ലാസ്സ് IV ജീവനക്കാർക്ക് തുല്യം |
| 5 | വിവാഹ ധനസഹായം | 30,000/- |
| 6 | ഫ്യൂണറൽ അലവൻസ് | 5,000/- |
| 7 | റിസ്ക് അലവൻസ് | 200/- |
| 8 | യൂണിഫോം അലവൻസ് | 1,600/- |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വിശ്വാസ് മേത്ത**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ (ഐ&എ), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം /തൃശ്ശൂർ.
പൊതുഭരണ (എസ്.സി) വകുപ്പ് (13/12/2018 ലെ ഇനം. നം.2689)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതു ജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം. സി1-26823/2017 തിയതി 19-12-2018**

സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ കാര്യാലയങ്ങളിലേയ്ക്കും തുടർ നടപടികൾക്കായി അയയ്ക്കുന്നു. സർക്കാർ ഉത്തരവിനോടൊപ്പമുള്ള സ്റ്റാഫ് ഇൻഡക്സ് സർക്കാർ വെബ്സൈറ്റിൽ (ജലവിഭവ വകുപ്പ്) ലഭ്യമാണ്.

ചീഫ് എഞ്ചിനീയർക്കു വേണ്ടി

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും

Bs/

To Irrigation web site